# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ : അനുപമ റ്റി വി, IAS)

*വിഷയം:* വനിത ശിശുവികസന വകുപ്പ്- അങ്കണവാടി പരിശീലന പദ്ധതി - സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള ഓൺലൈൻ റിഫ്രഷർ ട്രെയിനിംഗ്-ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു:-

*പരാമർശം:* 17/01/2022 ലെ സ. ഉ (സാധാ) നം. 47/2022 നമ്പർ സർക്കാർ ഉത്തരവ്.

---

**ഉത്തരവ് നം. ICDS/B8-19699/2021** **തീയതി: 31/01/2022**

---

ഐ സി ഡി എസ് സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പി ക്കുകയും പരാമർശ പ്രകാരം ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് അനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഓഫ് ലൈൻ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതിയാണ് ലഭ്യമായിട്ടുള്ളതെങ്കിലും കോവിഡ് വ്യാപന പശ്ചാത്തലത്തിലും നിലവിലെ സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും റിഫ്രഷർ ട്രെയിനിംഗുകൾ ഓൺലൈൻ ആയി നടത്താൻ വകുപ്പുതലത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള റിഫ്രഷർ പരിശീലനം ഓൺലൈൻ ആയി നടത്തുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ടും പരിശീലനം നടത്തുന്നതിന് ചുവടെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവാകുന്നു.

1. ഐ സി ഡി എസ് സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കായുള്ള റിഫ്രഷർ ട്രെയിനിംഗ് മൊഡ്യൂളുകളെ അടിസ്ഥാനപ്പെടുത്തി ഓൺലൈൻ ആയിരിക്കണം ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടത്.
2. ഓരോ ജില്ലയിൽ മാസ്റ്റർ ട്രെയിനർമാരായി (TOT) 15 പേർ വീതം ഉൾക്കൊള്ളുന്ന ടീം രൂപീകരിച്ച് പരിശീലനം നൽകിയിട്ടുണ്ട്. RP മാരായി ഈ ടീമിനെ ജില്ലാതലങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

3. വിഷയ വിദഗ്ധരായിട്ടുള്ള RP മാരെ Guest Speaker മാരായി ഉൾപ്പെടുത്താവുന്നതാണ്. ഇവർക്ക് ഒരു സെഷന് 1500/- രൂപ നിരക്കിൽ ഹോണറേറിയം നൽകാവുന്നതാണ്.

4. വകുപ്പിൽ നിലവിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് ക്ലാസ്സെടുക്കുന്ന ഇനത്തിൽ ഹോണറേറിയം നൽകേണ്ടതില്ല. അത്തരത്തിൽ അല്ലാത്ത RP മാർക്ക് ഹോണറേറിയം നൽകാവുന്നതാണ്.

5. സൂപ്പർവൈസർ ട്രെയിനിംഗിന് ഒരു ബാച്ചിന് 30 പേരേയും വർക്കർ ട്രെയിനിംഗിന് ഒരു ബാച്ചിന് 40 പേരേയും ഹെൽപ്പർ ഒരു ബാച്ചിന് 50 പേരേയും ഉൾപ്പെടുത്താവുന്നതാണ്.

6. ട്രെയിനിംഗുകൾ 2022 ഫെബ്രുവരി 7 ാം തീയതി മുതൽ ആരംഭിക്കേണ്ടതും മാർച്ച് 25 നുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

7. ട്രെയിനിങ് നടത്തേണ്ട തീയതികൾ ഉൾപ്പെടുന്ന കലണ്ടർ അനുബന്ധമായി ഇതോടൊപ്പം നൽകുന്നു. ആയത് അടിസ്ഥാനപ്പെടുത്തി ആയിരിക്കണം ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടത്.

8. ട്രെയിനിംഗിന് പങ്കെടുക്കുന്ന വർക്കർ/ഹെൽപ്പർ/സൂപ്പർവൈസർമാരുടെ പങ്കാളിത്തം പ്രോഗ്രാം ഓഫീസറും സിഡിപിഒ യും ഉറപ്പുവരുത്തേണ്ടതാണ്. ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് Annexure II ആയി നൽകിയിട്ടുള്ള പ്രൊഫോർമയിൽ ഓരോ ബാച്ചും പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ ലഭ്യമാക്കേണ്ടതാണ്.

9. റിഫ്രഷർ ട്രെയിനിംഗുകൾ നടത്തുന്നതിന് പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെ പറയുന്ന ഇനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നു.

| ക്രമ നം | ഇനം | സൂപ്പർവൈസർ ട്രെയിനിംഗ് (7 ദിവസം) | വർക്കർ ട്രെയിനിംഗ് (7 ദിവസം) | ഹെൽപ്പർ ട്രെയിനിംഗ് (5 ദിവസം) | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| | Zoom meeting platform | 12000 (6000 × 2 months) | | | 12000/- |
| | Honorarium including Guest speakers | 42000/- | 49,500/- | 42000/- | 1,33,500/- |
| | Stationery | 5000/- | 5000/- | 5000/- | 15000/- |
| | Total | | | | **1,60,500/-** |

**(ഒരു ലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം)**

Sree 2

അധികമായ വരുന്ന തുക സറണ്ടർ ചെയ്യേണ്ടതാണ്.

മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിനായി ഒരു പ്രോഗ്രാം ഓഫീസർക്ക് 1,60,500/- രൂപ ക്രമത്തിൽ 14 പ്രോഗ്രാം ഓഫീസർക്കുമായി ആകെ 22,47,000/- രൂപ (ഇരുപത്തി രണ്ട് ലക്ഷത്തി നാല്പത്തി ഏഴായിരം മാത്രം) എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ പേരുകളിൽ അലോട്ട്മെന്റ് ആയി അനുവദിച്ച് കൊണ്ടും ഉത്തരവാകുന്നു. ജില്ലാ ആഫീസർമാർ തുക പ്രോഗ്രാം ഓഫീസർമാർക്കായി അനുവദിച്ച് നൽകേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ അനുവദിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ട്രെയിനിംഗുകൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് (Annexure II) Statement Of Expenditure, UC, എന്നിവ ഉൾപ്പടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102 - 56 (P) ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

(ഒപ്പ്)
**വനിത ശിശുവികസന ഡയറക്ടർ**

1. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

**പകർപ്പ്**

1. ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട്, എ-സെക്ഷൻ
3. സൂപ്രണ്ട്, പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

Sree 3

Annexure.1

All Districts

| SL No | Category | Date | Number of Participants |
|---|---|---|---|
| 1. | Supervisor Refresher Training | 2022 February 8 to 16 | 30 |
| 2. | Anganwadi workers Refresher Training | 1 st batch<br>2022 February 8 to 16 | 40 |
| | | 2 nd batch<br>2022 February 17 to 25 | 40 |
| | | 3 rd batch<br>2022 March 2 to 8 | 40 |
| | | 4 th batch<br>2022 March 11 to 19 | 40 |
| 3. | Anganwadi Helpers Refresher Training | 1 st batch<br>2022 February 8 to 14 | 50 |
| | | 2 nd batch<br>2022 February 15 to 19 | 50 |
| | | 3 rd batch<br>2022 February 21 to 25 | 50 |
| | | 4 th batch<br>2022 March 2 to 7 | 50 |

## Annexure II

**ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച പ്രൊഫോർമാ റിപ്പോർട്ട്**

1. ട്രെയിനിംഗിന്റെ പേര് : റിഫ്രഷർ ട്രെയിനിംഗ്
   സൂപ്പർവൈസർ/വർക്കർ/ഹെൽപ്പർ
2. ബാച്ച് നമ്പർ : ബാച്ച് 1/2/3/4
3. പരിശീലനം നടന്ന തീയതി : .................. മുതൽ ........................... വരെ
4. പങ്കെടുത്തവരുടെ എണ്ണം :
5. നടത്തിയിട്ടുള്ള ആകെ
   സെഷനുകളുടെ എണ്ണം :
6. നടത്തിയിട്ടുള്ള എല്ലാ സെഷനുകളുടേയും വിവരങ്ങൾ ചുവടെപ്പറയുന്ന പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതാണ്

| Day : | | |
|---|---|---|
| **Session** | **TOPIC** | **NAME OF RESOURCE PERSON** |
| Session 1 | | |
| Session 2 | | |
| Session 3 | | |
| Session 4 | | |
| Session 5 | | |
| Session 6 | | |

**സാക്ഷ്യപത്രം :**

മേൽ പരിശീലന പരിപാടി നിർദ്ദേശിച്ചിട്ടുള്ള എണ്ണം പരിശീലനാർത്ഥികളെ ഉൾപ്പെടുത്തി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**പ്രോഗ്രാം ഓഫീസറുടെ പേര് :**

**ഒപ്പ് :**